(ബി) ഈ സ്ഥാപനത്തിന്റെ കണക്കുകൾ പരിശോധിക്കുന്നതിന് എന്തു സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ആഡിറ്റ് സംവിധാനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1955-ലെ 12-ാമത് തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കെ. എസ്. ആർ. ടി. സി., ശ്രീചിത്തിരതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (തിരുവനന്തപുരം) സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭരണസമിതിയാണ് ഈ കോളേജിന്റെ ഭരണം നടത്തുന്നത്. ഈ ഭരണ സമിതിയുടെ ചെയർമാൻ ബഹു. ഗതാഗത വകുപ്പുമന്ത്രിയാണ്. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, ഗതാഗത വകുപ്പു സെക്രട്ടറി, ധനകാര്യ സെക്രട്ടറി, കെ. എസ്. ആർ. ടി. സി. മാനേജിംഗ് ഡയറക്ടർ എന്നിവർ ഉൾപ്പെടെ മറ്റ് പതിമൂന്ന് അംഗങ്ങൾ ഈ ഭരണ സമിതിയിലുണ്ട്.

(ബി) കോളേജിന്റെ ഭരണ സമിതി കാലാകാലങ്ങളിൽ നിയമിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റാണ് ഈ സ്ഥാപനത്തിന്റെ കണക്കുകൾ പരിശോധിക്കുന്നത്.

(സി) ഇപ്പോഴുള്ള ആഡിറ്റ് സംവിധാനം കുറ്റമറ്റതാണ്.

ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിലെ ട്രേഡ്സ്മാൻ തസ്തിക

50 [2702] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിലെ ട്രേഡ്സ്മാൻ തസ്തികയിലെ ഒഴിവുകളിലേക്ക് സ്ഥിര നിയമനത്തിനായി 22-12-2000-ലെ നോട്ടിഫിക്കേഷൻ പ്രകാരം 2-3-2002-ൽ നടന്ന ടെസ്റ്റിന്റെ തുടർ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ എത്ര പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്നു പ്രസിദ്ധീകരിക്കാനാകുമെന്നും അറിയിക്കുമോ;

(ഡി) അന്തിമ ലിസിറ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2000-ാമാണ്ട് ഒക്ടോബർ മാസം 11-ാം തീയതി കൂടിയ 7-മത് ഭരണ സമിതിയുടെ തീരുമാനപ്രകാരം പ്ലംമ്പിംഗ്, ടർണർ, മെഷിനിസ്റ്റ്, ഇലക്ട്രോണിക്സ് എന്നീ ട്രേഡുകളിലേയ്ക്ക് ട്രേഡ്സ്മാൻമാരെ സ്ഥിരമായി നിയമിക്കുവാൻ തീരുമാനിക്കുകയും അതിലേക്കായി 22-12-2000-ൽ അപേക്ഷ ക്ഷണിക്കുകയും ചെയ്തു. അതിനോടനുബന്ധിച്ച് 2-3-2002-ൽ എഴുത്തു പരീക്ഷ നടത്തി. എന്നാൽ 27-6-2002-ൽ കൂടിയ ഭരണ സമിതിയുടെ തീരുമാനത്തിനനുസരിച്ച് തുടർനടപടികൾ നിർത്തിവച്ചു.

(ബി) 17 (പതിനേഴ്).

(സി) 27-6-2002-ലെ ഭരണസമിതിയോഗ തീരുമാന പ്രകാരം തുടർനടപടികൾ നിർത്തിവെച്ചത് കൊണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. തുടർനടപടികൾ നിർത്തി വെച്ചിരിക്കുകയാണ്.

(ഡി) ഈ കാര്യത്തിൽ കോളേജ് ഭരണസമിതിയാണ് തീരുമാനമെടുക്കേണ്ടത്.

കോഴിക്കോട് റീജിയണൽ വർക്ക് ഷോപ്പ് അടച്ചുപൂട്ടൽ

51 [2703] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; എത്ര ജീവനക്കാർ ഇവിടെ ജോലി ചെയ്തുവരുന്നുണ്ട്;

(സി) ഈ യൂണിറ്റിലെ ജീവനക്കാരുടെ കുറവ് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ;

(ഡി) സ്പെയർ പാർട്സിന്റെ ദൗർലഭ്യം ഒഴിവാക്കാൻ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇവിടത്തെ ബോഡിബിൽഡിംഗ് യൂണിറ്റുവഴി എത്ര ബസ്സുകൾക്ക് ഇതേവരെ ബോഡി നിർമ്മിച്ചു നൽകിയിട്ടുണ്ട്;

(എഫ്) റീജിയണൽ വർക്ക്ഷോപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഒഴിവുകൾ നികത്താനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. ഇവിടെ 95 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly